DESPATCHED
On 20/12/21.

25/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.413 (5)/20/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 2347/SIC-G7/2020**

തീയതി:- 25.11.2021

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.ഷിബു.ജി,**
**ബേബി ഭവൻ, കല്ലുക്കുന്ന്, ചന്തവിള,**
**കാട്ടായിക്കോണം പി.ഒ, തിരുവനന്തപുരം - 695 584.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പോത്തൻകോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
   **സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 22.11.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.12.2019 |
| ഒന്നാം അപ്പീൽ | 30.12.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 16.01.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11.02.2020 |
| ഹിയറിംഗ് തീയതി, സ്ഥലം | 08.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

08.09.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു

2 അപ്പീൽ ഹർജിക്കാരൻ 1994 ലെ കേരള പഞ്ചായത്തിരാജ് ആക്ടിലെ ഷോപ്പിംഗ് കോംപ്ലക്സ് പരിപാലനവും വാടകയ്ക്ക് നൽകലും ചട്ടങ്ങളും ബൈലോയും സംബന്ധിച്ച വിവരം ആവശ്യപ്പെട്ടതിന് 20.12.2019 ന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിന്മേൽ അപ്പീൽ അധികാരി ഉത്തരവ് നമ്പരും തീയതിയും വ്യക്തമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഉത്തരവുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളപക്ഷം ആയത് നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിനായി വെബ്സൈറ്റ് പരിശോധിക്കാവുന്നതാണെന്ന എസ്.പി.ഐ.ഒ യുടെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. വിവരാവകാശ നിയമപ്രകാരം അപേക്ഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ ഓഫീസിൽ ലഭ്യമായ വിവരം നിശ്ചിത ഫീസ് ഈടാക്കി ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ഹർജിക്കാരൻ 22.11.2019 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 25-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn